بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅ ഖുത്ബ സംഗ്രഹം 14.04.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

***യു.കെയിലെ മസ്ജിദ് ബൈത്തുൽ ഫുത്തൂഹിൽ നിർവഹിച്ചത്.***

## لَآ اِلٰهَ اِلَّا اللّٰهُ : ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ

اَشْهَدُ اَنْ لَّآاِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًاعَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ○ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

لَآ اِلٰهَ اِلَّا اللّٰهُ എന്ന വചനം തൗഹീദിന്റെ അടിത്തറയാണ്. തിരുനബി(സ) പറഞ്ഞു: അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടി لَآ اِلٰهَ اِلَّا اللّٰهُ എന്ന് ചൊല്ലിയവനിൽ അല്ലാഹു തീർച്ചയായും (നരകത്തിന്റെ) അഗ്നി നിരോധിച്ചിരിക്കുന്നു. അതിനാൽ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി അവന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട് തന്റെ ശ്രദ്ധയെ പ്രത്യേകം അല്ലാഹുവിലേക്ക് തിരിക്കുകയും ചെയ്തുകൊണ്ട് ഒരു വ്യക്തി لَآ اِلٰهَ اِلَّا اللّٰهُ എന്ന് ചൊല്ലുമ്പോൾ അവൻ സർവശക്തനായ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങളുടെ അവകാശിയായി മാറുന്നു.

അല്ലാഹു അവനിൽ നരകാഗ്നി നിഷിദ്ധമാക്കുമെന്ന് തിരുനബി(സ) പറഞ്ഞതുപോലെ എല്ലാ പ്രവാചകന്മാരും കൊണ്ടുവന്ന അധ്യാപനം ഇതു തന്നെയായിരുന്നു. നബി തിരുമേനി(സ) പറഞ്ഞു: ഞാനും എനിക്ക് മുമ്പുള്ള പ്രവാചകന്മാരും പറഞ്ഞ ഏറ്റവും ഉത്തമമായ വചനം ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക്ക ലഹു എന്നതാണ്. അതിനാൽ ഈ അധ്യാപനം എല്ലാ പ്രാവചകന്മാരുടേതുമാണ്. എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ അതേ പ്രവാചകന്മാരുടെ സമൂഹം പ്രത്യക്ഷമായോ പരോക്ഷമായോ ഈ അധ്യാപനത്തെ മറക്കുകയും ശിർക്കിന്റെ ഉറവിടമാക്കുകയും ചെയ്തു. സർവ്വശക്തനായ അല്ലാഹു നമ്മെ തിരുനബി(സ)യുടെ ഉമ്മത്തിൽ ഉൾപ്പെടുത്തുകയും ബഹുദൈവാരാധനയെ പൂർണമായും ഇല്ലാതാക്കുന്ന തികഞ്ഞ അധ്യാപനം നൽകുകയും തൗഹീദിന്റെ യഥാർത്ഥ പാഠം നൽകിക്കൊണ്ട് നമ്മുടെ ഇരു ലോകവും അലങ്കരിച്ചതിൽ നാം സൗഭാഗ്യവാന്മാരാണ്. അതിനാൽ ആരാണോ നബി തിരുമേനി(സ)യുടെ യഥാർത്ഥ അധ്യാപനങ്ങൾ പിന്തുടരുകയും സർവ്വശക്തനായ ദൈവത്തിന്റെ ഏകത്വത്തെ ആത്മാർത്ഥമായി ഏറ്റുപറയുകയും ചെയ്യുന്നത് അവനാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശിയായി മാറുന്നതും, തിരുനബി(സ)യുടെ ശുപർശക്ക് അർഹരായി മാറുന്നതും അവൻ തന്നെയാണ്.

ശുദ്ധ ഹൃദയത്തോടെ, ഭൗതീക താത്പര്യങ്ങളുടെ കലർപ്പില്ലാതെ لَآ اِلٰهَ اِلَّا اللّٰهُ എന്ന് ഏറ്റുപറയുന്നതിലൂടെയാണ് നബി തിരുമേനി(സ)യുടെ ശുപാർശ ലഭ്യമാകുന്നത്. അല്ലാഹു തആലാ ശുപാർശക്കുള്ള അധികാരം നൽകിയ അവസാനത്തേതും പരിപൂർണവുമായ പ്രവാചകനാണ് നബി തിരുമേനി(സ). ആ ശുപാർശയുടെ ലഭ്യതക്ക് അല്ലാഹുവിന്റെ കൽപനയനുസരിച്ച് നബി(സ)യിൽ വിശ്വസിക്കുക എന്നതും ആവശ്യമാണ്.

ഇസ്ലാമിക കൽപനകൾ നമുക്ക് വ്യക്തമായി വിശദീകരിച്ചുതന്ന നബി തിരുമേനി(സ)യുടെ സത്യവാനായ ദാസനും കാലഘട്ടത്തിന്റെ ഇമാമുമായ വ്യക്തിയിൽ വിശ്വസിക്കാനുള്ള തൗഫീഖ് അല്ലാഹു നമുക്ക് നൽകിയതിൽ നാം സൗഭാഗ്യവാന്മാരാണ്. ആ മഹാത്മാവ് നമുക്ക് لَآ اِلٰهَ اِلَّا اللّٰهُ എന്നതിന്റെ ആഴം വ്യക്തമാക്കി തന്നതോടൊപ്പം റസൂൽ തിരുമേനി(സ)യുടെ സ്ഥാനത്തെ കുറിച്ചും വ്യക്തമാക്കി തന്നു. ഈ വിഷയത്തിലേക്ക് വളരെ മനോഹരമായി വെളിച്ചം വീശുകയും ഈ വിഷയത്തിന്റെ ആഴം മനസ്സിലാക്കി എങ്ങനെ ആത്മപരിശോദന നടത്തണം എന്ന കാര്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ആകർഷിക്കുകയും ചെയ്യുന്ന വാഗ്ദത്ത മസീഹ്(അ)ൽ നിന്നുള്ള ചില ഉദ്ധരണികൾ ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: *അൽ യൗമ അക്മൽത്തു* എന്ന ആയത്തിനെ അല്ലാഹു സ്വയം വ്യാഖ്യാനിച്ചിരിക്കുന്നു. അതിൽ മൂന്ന് അടയാളങ്ങൾ ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. اَصْلُهَا ثَابِتٌ അതിന്റെ വേരുകൾ ഉറച്ചുനിൽക്കുന്നു.

രണ്ടാമത്തെ അടയാളം وَّفَرۡعُهَا فِى السَّمَآءِ അതിന്റെ ശാഖകൾ ആകാശത്തിന്റെ ഉയരത്തിൽ എത്തിനിൽക്കുന്നു. മൂന്നാമത്തെത് تُؤۡتِىۡۤ اُكُلَهَا كُلَّ حِيۡنٍ അത് എപ്പോഴും പുതിയ ഫലം നൽകുന്നു. പറയുന്നു ഈ നിലവാരം പൂർണമായും പാലിക്കുന്ന മതം ഇസ്‌ലാം മാത്രമാണ്. വീണ്ടും പറയുന്നു: ആദ്യത്തെ അടയാളമായ വിശ്വാസത്തിന്റെ വേര് എന്നതു കൊണ്ട് അർത്ഥമാക്കുന്നത് لَآ اِلٰهَ اِلَّا اللّٰهُ എന്ന വചനമാണ്. അതിനെ എത്രത്തോളം വർണിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ വിവരിച്ചിട്ടുണ്ടെന്നാൽ അതിന്റെ എല്ലാ തെളിവുകളും ചില ഭാഗങ്ങളിൽ ഉൾകൊള്ളിക്കാൻ കഴിയുകയില്ല. സർവശക്തനായ ദൈവത്തിന്റെ എല്ലാ സൃഷ്ടികളും ഈ ലോകത്തിന്റെ വ്യവസ്ഥിതിയും അതിന് ഒരു സൃഷ്ടാവും ഗവേഷകനുമുണ്ടെന്ന് വ്യക്തമാക്കിത്തരുന്നു. മാത്രമല്ല ആ സൃഷ്ടാവ് പരമകാരുണികനും, കരുണാമയനും, സർവ്വശക്തനും, ഏകനും പങ്കുകാരനില്ലാത്തവനും, ആരംഭം മുതലുള്ളവനും, ശാശ്വതനും, ഇച്ഛരിക്കുന്നത് പ്രവർത്തിക്കുന്നവനും, സർവ്വ വർണങ്ങൾ സമ്മേളിക്കുന്നവനും, വെളിപാട് ഇറക്കുന്നവനും ആകേണ്ടത് നിർബന്ധമാണെന്നും തെളിയുന്നു. لَآ اِلٰهَ اِلَّا اللّٰهُ എന്ന വചനം ഒരു ആരാധ്യനുണ്ട് എന്ന ചിന്ത ഹൃദയത്തിൽ ഉണ്ടാക്കുക മാത്രമല്ല ചെയ്യുന്നത്, മറിച്ച് നമ്മുടെ ദൈവം തുടക്കം മുതൽ ഉള്ളവനാണെന്നും എന്നെന്നും നിലനിൽക്കുന്നവനാണെന്നും അവൻ എല്ലാ വസ്തുക്കളുടേയും സൃഷ്ടാവാണെന്നും സർവ്വ ആവശ്യങ്ങൾക്കും അവന്റെ മുമ്പിലാണ് കുമ്പിടേണ്ടതെന്നുമുള്ള വസ്തുത ഹൃദയത്തിൽ സ്ഥാപിതമാക്കുന്നു. ഈമാൻ ഈ ഒരു അവസ്ഥയിലെത്തുമ്പോൾ അത് ശിർക്കിന്റെ കലർപ്പില്ലാത്ത തികഞ്ഞ വിശ്വാസമായിരിക്കും. ഈ ഒരു വിശ്വാസത്തെ കുറിച്ചാണ് ശുദ്ധ ഹൃദയത്തോടുകൂടി لَآ اِلٰهَ اِلَّا اللّٰهُ യിൽ വിശ്വസിക്കുന്നവരിൽ അല്ലാഹു നരകാഗ്നി നിഷിദ്ധമാക്കുമെന്ന് നബി തിരുമേനി(സ) പറഞ്ഞത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു എന്ന ആ പരിപൂർണ അസ്ഥിത്വത്തോട് മാത്രമേ സഹായമഭ്യർത്ഥിക്കാൻ അവകാശമുള്ളൂ. മറ്റാരോടും ചോദിക്കാനുള്ള അവകാശമില്ല. അതിലാണ് വിശുദ്ധ ഖുർആനും ഊന്നൽ നൽകുന്നത്. പറയുന്നു: ആരാധിക്കുന്നതും നിന്നെ തന്നെയാണ്; നിന്നെ ആരാധിക്കാനുള്ള സഹായവും നിന്നോട് തന്നെയാണ് തേടുന്നത്. സഹായം തേടാനുള്ള യഥാർഥ അവകാശം അല്ലാഹുവിൽനിന്ന് മാത്രമാണെന്ന് ഇതിൽ നിന്നും മനസ്സിലാകുന്നു. രണ്ടാമത്തെ തലത്തിൽ ഈ ഒരു അവകാശം അല്ലാഹുവുമായി ബന്ധപ്പെട്ട ആളുകൾക്കും യഥാർഥ മനുഷ്യനും (നബി(സ)നും) നൽകി. അഥവാ അവരുടെ ദുആകൾ മുഖേനയും സഹായം ലഭ്യമാകുന്നു. പറയുന്നു: നാം ആയിട്ട് ഒന്നും ഉണ്ടാക്കരുത് മറിച്ച് അല്ലാഹുവിന്റെ വചനങ്ങളിലും റസൂൽ തിരുമേനി(സ)യുടെ കൽപനകളിലും നിൽകൊള്ളേണ്ടതാണ്. അതിന്റെ പേരാണ് സ്വിറാത്തെ മുസ്തഖീം. ഈ കൽപന لَآ اِلٰهَ اِلَّا اللّٰهُ മുഹമ്മദുർറസൂലുല്ലായിൽ നിന്ന് വ്യക്തമായും മനസ്സിലാക്കാൻ കഴിയുന്നു. لَآ اِلٰهَ اِلَّا اللّٰهُ മുഹമ്മദുർറസൂലുല്ലാഹ് എന്നതിന്റെ ആദ്യ പകുതിയിൽ നിന്ന് മനുഷ്യന്റെ സ്നേഹിതനും അവന്റെ ലക്ഷ്യവും അല്ലാഹു അല്ലാതെ മറ്റാരും ആകരുത് എന്ന് മനസ്സിലാകുന്നു. രണ്ടാം പകുതിയിൽ മുഹമ്മദ്(സ)യുടെ പ്രവാചകത്വത്തിന്റെ യാഥാർത്ഥ്യത്തിന്റെ പ്രകടനമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: لَآ اِلٰهَ اِلَّا اللّٰهُ എന്ന് ചൊല്ലുന്നവൻ അത് പ്രായോഗികമായി തെളിയിക്കുന്നതുവരെ അതിന്റെ കടമ നിറവേറ്റപ്പെടുന്നില്ല. അതു തന്നെയാണ് ഈമാന്റെ നിബന്ധനയും. സൃഷ്ടാവിനോടും സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റേണ്ടത് നിർബന്ധമാണ്, അപ്പോഴാണ് ഒരു വ്യക്തി لَآ اِلٰهَ اِلَّا اللّٰهُ യുടെ അനുയായി ആയി മാറുന്നത്. അപ്പോൾ മാത്രമേ അത്തരമൊരു വ്യക്തി അല്ലാഹുവിന്റെ സമക്ഷത്തിൽ അസത്യവാദിയല്ലാതായി തീരുന്നുള്ളൂ.

ഈ കലിമയുടെ രണ്ടാം ഭാഗം മാതൃകയെന്നോണമാണ്. പ്രവാചകന്മാർ(അ) മാതൃക സ്ഥാപിക്കാനാണ് ആഗതരാകുന്നത്. എല്ലാ പ്രവാചകന്മാരുടേയും മാതൃകകൾ ഒരുമിച്ചു കൂട്ടപ്പെട്ട ഒരു പ്രവാചകനാണ് തിരുനബി(സ). അല്ലാഹുവിന്റെ കൽപനകളുടെ വ്യഖ്യാനം പറഞ്ഞു തന്നതും ശരിയായ പ്രവർത്തന മാതൃക കാഴ്ചവെച്ചതും നബി തിരുമേനി(സ) ആണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ അനുയായികളെ ഉപദേശിച്ചുകൊണ്ട് പറയുന്നു: ഔപചാരികമായ ബൈഅത്ത് ഒരു പ്രയോജനവും നൽകുന്നില്ല. തന്റെ അസ്തിത്വത്തെ ത്യജിച്ച്, ആത്മാർത്ഥമായി താൻ ബൈഅത്ത് ചെയ്ത വ്യക്തിയോടൊപ്പം ആകുന്നതുവരെ ആ ബൈഅത്തിന്റെ ഭാഗമാകാൻ പ്രയാസമാണ്, അപ്പോൾ മാത്രമാണ് ആ ബൈഅത്ത് പ്രയോജനം ചെയ്യുകയുള്ളൂ. കഴിയുന്നിടത്തോളം, നമ്മുടെ ആചാരങ്ങളും ആരാധനകളും മാർഗദർശകന്റെ വർണത്തോട് സാമ്യത പുലർത്തുന്നതായിരിക്കണം.

കൂടാതെ എത്രത്തോളം لَا اِلٰهَ اِلَّا اللّٰهُ അനുസരിച്ചു പ്രവർത്തിച്ചു എന്ന് എപ്പോഴും ആത്മപരിശോദന നടത്തിക്കൊണ്ടിരിക്കണം. വീണ്ടും പറയുന്നു: മുസ്ലിംകൾ കലിമ ചൊല്ലിക്കൊണ്ട് അലസരായിരിക്കണമെന്നല്ല ഞാൻ ഉദ്ദേശിക്കുന്നത്; മറിച്ച് അവരുടെ കച്ചവടങ്ങളിലും ജോലികളിലും വ്യാപൃതരായിരിക്കണം, എന്നാൽ അല്ലാഹുവിന്റെ കടമ നിറവേറ്റുന്ന കാര്യത്തിലും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് അത്യാവശ്യമാണ്. അല്ലാഹുവിനോടുള്ള ഭയത്തെ കച്ചവട സമയത്തും മുന്നിൽ വെക്കേണ്ടത് നിർബന്ധമാണ്, എല്ലാ കാര്യങ്ങളിലും ദീനിന് മുൻഗണന നൽകുക. ഭൗതീകത ലക്ഷ്യമായിരിക്കരുത്. യഥാർത്ഥ ലക്ഷ്യം ദീൻ ആയിരിക്കണം, അപ്പോൾ ഭൗതീക കാര്യങ്ങളും ദീൻ ആയി മാറുന്നതാണ്. സ്വഹാബാക്കൾ വളരെയേറെ പ്രയാസങ്ങൾ നേരിട്ട സമയത്തും അവർ അല്ലാഹുവിനെ കൈവെടിഞ്ഞിട്ടില്ല; അല്ലാഹുവിൽ നിന്ന് അശ്രദ്ധരായിരുന്നില്ല; നമസ്കാരം ഉപേക്ഷിച്ചിരുന്നില്ല; മറിച്ച് ദുആകളിൽ നിന്നും പ്രയോജനമെടുത്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ കലിമയുടെ അർഥത്തെക്കുറിച്ചും അതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചും അതിന്റെ നിർവഹണത്തെക്കുറിച്ചും പറയുന്നു: വിശുദ്ധ ഖുർആനിൽ വിവരിച്ചിട്ടുള്ള അല്ലാഹുവിന്റെ കൽപനകളെ പ്രായോഗികമായി പ്രകടിപ്പിക്കുകയും കർമ്മ പരമായി ദീനിനെ ദുനിയാവിനേക്കാൾ മുന്തിക്കുകയും ചെയ്യുക എന്നതാണ് വിശ്വാസം എന്നതിനാൽ സത്യഹൃദയത്തോടുകൂടി لَا اِلٰهَ اِلَّا اللّٰهُ യിൽ വിശ്വസിക്കുന്നവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. പിന്നെ അല്ലാഹു അല്ലാതെ അവന് പ്രിയപ്പെട്ടതായി ആരും ഉണ്ടാകുകയില്ല. അവൻ സർവ്വശക്തനായ അല്ലാഹുവിന്റെ പ്രീതി മാത്രം തേടുന്നു. പിന്നിട് അവൻ പ്രയാസങ്ങളിൽ വിഷമിക്കുന്നില്ല; കാരണം അല്ലാഹു തന്റെ സ്നേഹിതന്റെ സഹായത്തിനായി ഉടൻ എത്തുന്നു എന്ന് അവന് ദൃഢവിശ്വാസം ഉണ്ടാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റപ്പെടാത്തിടത്തോളം لَا اِلٰهَ اِلَّا اللّٰهُ യുടെ യഥാർത്ഥ അർത്ഥം കണ്ടെത്താൻ കഴിയില്ല. ഒരു സഹോദരൻ മറ്റൊരു സഹോദരന്റെ അവകാശങ്ങൾ നൽകാതിരിക്കുന്നു. കൂടാതെ ഭൗതീക സാമഗ്രികളിൽ എത്രത്തോളം വിശ്വാസമർപ്പിക്കുന്നുവെന്നാൽ അല്ലാഹുവിനെ ഒരു അലസമായ അവയവം മാത്രമായി മനസ്സിലാക്കുന്നു. തൗഹീദിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാകിയവർ വളരെ കുറവാണ്.

ഒരു പക്ഷെ, മനുഷ്യർ കലിമയുടെ യാഥാർത്ഥ്യത്തെ കുറിച്ച് ബോധവാന്മാരാകുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ വളരെ വലിയ പുരോഗതി കൈവരിക്കാൻ കഴിയുന്നതാണ്. കൂടാതെ സർവ്വശക്തനായ ദൈവത്തിന്റെ വിചിത്രമായ ശക്തികൾക്ക് സാക്ഷ്യം വഹിക്കാനും കഴിയുന്നതാണ്. എല്ലാ തിന്മകളും നീക്കം ചെയ്യുമ്പോൾ മാത്രമേ ഒരാൾക്ക് യഥാർത്ഥ ഏകദൈവ വിശ്വാസിയാകാൻ കഴിയുകയുള്ളൂ. അതിനാൽ, ഈ റമദാനിൽ, നാം ഓരോരുത്തരും ഈ തിന്മകളിൽ നിന്ന് സ്വയം ശുദ്ധീകരിക്കാനും لَا اِلٰهَ اِلَّا اللّٰهُ യിൽ യഥാർത്ഥ വിശ്വാസം ഉണ്ടാക്കിയെടുക്കാനുംശ്രമിക്കേണ്ടതാണ്. റമദാന്റെ ബാക്കിയുള്ള ദിനങ്ങളിൽ പ്രയത്നത്തിലൂടെയും ദുആയിലൂടെയും നമ്മുടെ ഉള്ളിലെ എല്ലാ തിന്മകളെയും അകറ്റുന്നവരായി മാറാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

റമദാനിന്റെ അവസാന പത്തിൽ നാം ലൈലത്തുൽ ഖദ്റിനെ കുറിച്ച് പറയാറുണ്ട്. അല്ലാഹുവിന്റെ കൽപ്പനകൾക്കനുസൃതമായി നമ്മുടെ ഓരോ വാക്കും പ്രവൃത്തിയും ചെയ്യാൻ തയ്യാറാകുമ്പോൾ, അത് അനുസരിച്ച് പ്രവർത്തിക്കുകയും, അത് എപ്പോഴും നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥത്തിൽ ലൈലത്തുൽ ഖദ്ർ കൈവരിക്കുന്നത്. ലൈലത്തുൽ ഖദ്ർ ലഭ്യമാകുന്നതിന്റെ യഥാർത്ഥ അടയാളം ഇതാണ്. നമ്മുടെ ഹൃദയത്തിൽ എന്ത് വിപ്ലവമാണ് ഉണ്ടായിട്ടുള്ളത് എന്നതാണ് യഥാർത്ഥ അടയാളം.

മൂന്ന് ദിവസം ആത്മാർത്ഥതയോടു കൂടി പ്രാർഥിച്ചാൽ അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹങ്ങൾ പ്രകടമാകുമെന്ന് ഞാൻ പറഞ്ഞതനുസരിച്ച് ചില ജമാഅത്തുകൾ ദുആയുടെ പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്. എന്നാൽ ഒരു പക്ഷെ നാം പ്രത്യേകം നിശ്ചയിച്ചിട്ടുള്ള ഈ മൂന്ന് ദിവസം പ്രാർത്ഥനകളിൽ ചെലവഴിക്കുകയും അതിനുശേഷം വീണ്ടും പഴയ ജീവിതത്തിലേക്ക് മടങ്ങുകയും لَا اِلٰهَ اِلَّا اللّٰهُ യുടെ യഥാർത്ഥ ലക്ഷ്യം മറക്കുകയും ചെയ്യുന്നുവെങ്കിൽ, അല്ലാഹു നമ്മുടെ ഹൃദയത്തിലെ കാര്യങ്ങൾ അറിയുന്നവനാണെന്ന് ഓർക്കേണ്ടതാണ്. അവന് നമ്മുടെ ഉദ്ദേശങ്ങൾ അറിയാം; അവനിൽ നിന്ന് ഒന്നും മറഞ്ഞിട്ടുമില്ല. അത്തരമൊരു സാഹചര്യത്തിൽ അത് യാതൊരു പ്രയോജനവും ചെയ്യുകയുമില്ല.

എന്നാൽ ഈ ദിവസങ്ങൾ അല്ലാഹുവിന്റെ പ്രീതിക്കായി ചെലവഴിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഇനി ഈ ദിവസങ്ങൾ നമ്മുടെ ജീവിതത്തിന്റെ ശാശ്വതമായ ഭാഗമാക്കും എന്ന പ്രതിജ്ഞയോടുകൂടി വേണം അവ ചെലവഴിക്കാൻ. അപ്പോൾ ശത്രുക്കൾ നമുക്കുണ്ടാക്കുന്ന ഈ പ്രയാസങ്ങൾ ഇല്ലാതാക്കാൻ സർവ്വശക്തനായ ദൈവം തന്റെ പ്രത്യേക പിന്തുണയും സഹായവും പ്രകടമാക്കുന്നതാണ്. ഇൻശാ അല്ലാഹ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നും ആ മഹാത്മാവിന്റെ ഈ ജമാഅത്തിനും വിജയം നൽകുമെന്നത് അല്ലാഹു ആ മഹാത്മാവിനോട് ചെയ്ത വാഗ്ദാനമാണ്. ഒന്നുകിൽ പെട്ടന്ന് അല്ലെങ്കിൽ കുറച്ച് കാലങ്ങൾക്കുശേഷം. ഒരു പക്ഷെ നാം لَآ اِلٰهَ اِلَّا اللّٰهُ യുടെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് അല്ലാഹുവിന്റെ അസ്ഥിത്വത്തെ മത്രം നമ്മുടെ ആരാധ്യനും നമ്മുടെ ലക്ഷ്യവും നമ്മുടെ സ്നേഹിതനുമാക്കി മാറ്റുകയും ദുനിയാവിനേക്കാൾ കൂടുതൽ അല്ലാഹുവിനോടുള്ള സ്നേഹവും അത് കരസ്ഥമാക്കുന്നത് നമ്മുടെ ലക്ഷ്യവുമാക്കി മാറ്റിയാൽ ഉടൻ തന്നെ വിജയം കൈവരിക്കാവുന്നതാണ്. നമ്മുടെ അവസ്ഥയിൽ സ്ഥിരമായ മാറ്റം വരുത്താൻ നാം പ്രതിജ്ഞാബദ്ധരാകേണ്ടതുണ്ട്.

ഖുതുബയുടെ അവസാനത്തിൽ ഹുസൂർ അൻവർ ലോകത്തിന്റെ പൊതു സമാധാനത്തിനും സുഭദ്രതയ്ക്കും വേണ്ടി ദുആ ചെയ്യാൻ ആഹ്വാനം ചെയ്തു. അല്ലാഹു മനുഷ്യരാശിയുടെ മേൽ കരുണയും അനുഗ്രഹവും ചൊരിയുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Baitul Futuh, U.K. – on 14.04.2023

Malayalam Translation: **Moulavi M. Fahin Ahmad Palakkad** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516